**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4362** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഉദുമ സബ്‌രജിസ്ട്രാർ ഓഫീസിൽ നിന്നും 1281-ാം നമ്പർ ആധാര പ്രകാരമുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് താലൂക്കിൽ കുറ്റിക്കോൽ വില്ലേജിൽ 1976 സെപ്റ്റംബർ 1-ന് ഉദുമ സബ്‌രജിസ്ട്രാർ ഓഫീസിൽ നിന്നും 1281-ാം നമ്പർ ആധാര പ്രകാരമുള്ള R.S.No.149/1-ൽപ്പെട്ട 1.06 ഏക്കർ സ്ഥലം നിലവിൽ ആരുടെ കൈവശമാണുള്ളതെന്നറിയിക്കാമോ ; | (എ) | കാസർഗോഡ് താലൂക്കിലെ കുറ്റിക്കോൽ വില്ലേജിൽ 1976 സെപ്റ്റംബർ 1 ന് ഉദുമ സബ് രജിസ്റ്റർ ഓഫീസിൽ നിന്നും 1281- നമ്പർ ആധാരത്തിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള R.S. No:149/1ൽപെട്ട 1.06 ഏക്കർ സ്ഥലം ശ്രീ.മുഹമ്മദ് കുഞ്ഞിയിൽ നിന്ന് സെക്രട്ടറി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (എം), കുറ്റിക്കോൽ ലോക്കൽ കമ്മിറ്റി വിലയ്ക്ക് വാങ്ങിയിട്ടുള്ളതാണ്. |
| (ബി) | എത്ര വർഷമായിട്ട് ഇതിന് നികുതി അടച്ചുവരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | നിലവിൽ ടി ഭൂമിയിൽ കെ. എൽ. സി. കേസ് ഉള്ളതിനാൽ നികുതി അടയ്ക്കുന്നില്ല. |
| (സി) | സ്ഥലം അളന്നു നൽകുമ്പോൾ സ്കെച്ചിൽ വന്ന പിഴവ് പരിഹരിച്ച് നൽകണമെന്നാവശ്യപ്പെട്ട് സ്ഥലം ഉടമ നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഈ ഭൂമി സംബന്ധിച്ച് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ നിലവിലുള്ളതാണ്. കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അപ്പീൽ തീർപ്പാക്കികൊണ്ടുള്ള ഉത്തരവിന്മേൽ സമർപ്പിക്കപ്പെട്ട റിവിഷൻ ഹർജിയിൽ അപ്പീൽ തീരുമാനം പുന:പരിശോധിക്കുന്നതിനായി ഉത്തരവാക്കുകയും കേസ് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് മടക്കി അയക്കുകയും ചെയ്ത പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി തുടർന്ന് വരുന്നതുമാണ്. |
| (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റീസർവ്വേ നടത്തി സ്കെച്ച് മാറ്റി നൽകി പ്രശ്നം പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അയിയിക്കാമോ? | (ഡി) | ഈ ഭൂമി സംബന്ധിച്ച് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ നിലവിലുള്ളതാണ്. കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അപ്പീൽ തീർപ്പാക്കികൊണ്ടുള്ള ഉത്തരവിന്മേൽ സമർപ്പിക്കപ്പെട്ട റിവിഷൻ ഹർജിയിൽ അപ്പീൽ തീരുമാനം പുന:പരിശോധിക്കുന്നതിനായി ഉത്തരവാക്കുകയും കേസ് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് മടക്കി അയക്കുകയും ചെയ്ത പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി തുടർന്ന് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ